12. സെക്രട്ടറി (ധനകാര്യം)

13. ഡയറക്ടർ, 'കില'.

14. സ്വിസ് ഏജൻസി ഫോർ ഡെവലപ്മെന്റ് ആന്റ് കോ ഓപ്പറേഷൻ പ്രതിനിധികൾ രണ്ടുപേർ.

15. 'കില' എക്സിക്യൂട്ടീവ് കൗൺസിൽ ചെയർപേഴ്സൺ.

16. എക്സിക്യൂട്ടീവ് കോർഡിനേറ്റർ (കാപ്ഡെക്) (സ്ഥിരം ക്ഷണിതാവ്).

കാപ്ഡെക് പദ്ധതി

19 (4454) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്ഡെക് എന്ന പദ്ധതി നടപ്പാക്കുവാൻ ലഭിച്ച പണത്തേയും അതിന്റെ വിനിയോഗത്തെയും പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ആ പണം ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന് എപ്രകാരം പ്രയോജനം ചെയ്തു എന്നന്വേഷിച്ചിട്ടുണ്ടോ ;

(സി) ഇല്ലാത്തപക്ഷം ഈ വക കാര്യങ്ങളെപ്പറ്റി സമഗ്രമായ ഒരന്വേഷണം നടത്തുമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) വ്യക്തമായ പരാതി ലഭിച്ചാൽ അന്വേഷിക്കുന്നതാണ്.

കാപ്ഡെക് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

20 (4455) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്ഡെക് എന്ന പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) ആ പ്രോജക്ടിനെ എത്രയായി വിഭജിച്ചിരുന്നു ;

(സി) ഓരോന്നിനേയും സംബന്ധിച്ച വിശദാംശം നൽകുമോ ;

(ഡി) 24-12-1999-ലെ എം.എസ്.നമ്പർ 58/99/പ്ലാനിംഗ് എന്ന ജി.ഒ.യുടെ അഞ്ചാം ഖണ്ഡിക പ്രകാരം ഇതിന്റെ ഘടകങ്ങൾ എന്തെല്ലാമായിരുന്നു ;

(ഇ) അതനുസരിച്ച് കിലയെ ഒരു മികവിന്റെ കേന്ദ്രമാക്കണമായിരുന്നുവോ ;

(എഫ്) എങ്കിൽ അതിനുവേണ്ടി എസ്.ഡി.സി. നൽകിയ തുകയിൽ നിന്ന് എത്ര തുക വിനിയോഗിച്ചു ;

(ജി) കിലയെ എപ്രകാരം മികവിന്റെ കേന്ദ്രമാക്കി എന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഇതിനായി ഒരു തുകയും വിനിയോഗിക്കാത്തപക്ഷം അതിനുള്ള കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

Page 1

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. ആവശ്യങ്ങൾക്കനുസരിച്ചും ലഭ്യമായ വിഭവങ്ങളുടെ അടിസ്ഥാനത്തിലും പുതിയ പരിശീലന രീതികൾ ആവിഷ്ക്കരിച്ചും ദീർഘകാലാടിസ്ഥാനത്തിലുള്ള കാര്യശേഷി വർദ്ധനയ്ക്കായുള്ള തന്ത്രവും പരിപാടിയും രൂപീകരിക്കുക.

2. വികേന്ദ്രീകരണത്തിനായുള്ള കാര്യശേഷി വർദ്ധിപ്പിക്കാൻ ശ്രമിക്കുന്ന സ്ഥാപനങ്ങളുടെ വികസനത്തിനായി സഹായിക്കുക.

3. നടന്നുവന്നിരുന്ന പരിശീലനപരിപാടികൾക്കും പ്രശ്ന പരിഹാര നടപടികൾക്കും സഹായം നൽകുക.

4. വികേന്ദ്രീകൃതമായ കാര്യശേഷി വർദ്ധന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ സഹായം നൽകുക.

(ബി) പ്രോജക്ടിനെ ആറ് കംപോണന്റുകളായി വിഭജിച്ചിരുന്നു.

(സി) 1. 'കില'യെ ശക്തിപ്പെടുത്തൽ :—'കില'യ്ക്കാവശ്യമായ ഫാക്കൽട്ടി അംഗങ്ങൾ, മറ്റു ജീവനക്കാർ ഇവർക്കു നൽകേണ്ടുന്ന പരിശീലനം, 'കില'യെ സെന്റർ ഓഫ് എക്സലൻസ് ആയി വളർത്തുന്നതിനാവശ്യമായ നടപടികൾ എന്നിവയ്ക്കുള്ള സഹായമാണ് ഈ കംപോണന്റിൽ ഉൾക്കൊള്ളിച്ചിരുന്നത്.

2. കാര്യശേഷി വർദ്ധനയ്ക്കാവശ്യമായ സമഗ്രമായ തന്ത്രവും പരിപാടിയും ആവിഷ്ക്കരിക്കുക.

3. പരിശീലനാവശ്യങ്ങളെന്തെന്നു കണ്ടെത്താനുള്ള പഠനങ്ങൾ (ഫീൽഡ് സ്റ്റഡീസ്)

4. പരിശീലനങ്ങൾക്കുള്ള സഹായം.

5. മൊബൈൽ ഫീൽഡ് ടീമുകൾ :—തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും സംശയങ്ങൾ പരിഹരിക്കാൻ ആവശ്യാനുസരണം ചെന്നെത്തുന്ന മൂന്നംഗ ടീമുകൾ.

6 പശ്ചാത്തല സൗകര്യങ്ങൾ പരിശീലന പരിപാടികൾക്കു നേതൃത്വം നൽകുന്ന സ്ഥാപനങ്ങൾക്കാവശ്യമായ ചില പശ്ചാത്തല സൗകര്യങ്ങളും സംവിധാനങ്ങളും ഒരുക്കുക.

(ഡി) സി വിഭാഗത്തിനുള്ള ഉത്തരം കണ്ടാലും.

(ഇ) അതെ.

(എഫ്) 8.95 കോടി രൂപ ചെലവഴിച്ചു.

(ജി) കിലയ്ക്കാവശ്യമായ ഫാക്കൽട്ടിയംഗങ്ങൾ, ഭൗതിക സാഹചര്യങ്ങളും പശ്ചാത്തല സൗകര്യങ്ങളും, പരിശീലനത്തിനായുള്ള ഷെഡ്യൂളുകൾ, കൈപ്പുസ്തകങ്ങൾ, സെമിനാറുകൾ, പ്രബന്ധങ്ങൾ, നിരവധി പരിശീലന പരിപാടികൾ എന്നിങ്ങനെ വിവിധ പരിപാടികളിലൂടെ 'കില'യുടെ പ്രവർത്തനം വിപുലവും മെച്ചപ്പെട്ടതുമായി. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾക്കു പരിശീലനം നൽകുന്നതോടൊപ്പം ഇന്ത്യയിലെ തന്നെ പ്രധാന സ്ഥാപനങ്ങളിൽ ഒന്നായി 'കില' മാറിയിട്ടുണ്ട്.

(എച്ച്) ഉദിക്കുന്നില്ല.

കാപ്പ്ഡെക് പദ്ധതിയുടെ നേട്ടം

21 (4456) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്പ്ഡെക് എന്ന പദ്ധതിപ്രകാരം നടത്തിയ പ്രവർത്തനങ്ങളുടെ നേട്ടമെന്തെല്ലാം ;

(ബി) ഏതെല്ലാം സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമാണ് നേട്ടമുണ്ടായത് ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഏർപ്പെടുത്തിയ മെഷിനറികൾക്കും ഏതെങ്കിലും ജില്ലയുടേയും ബ്ലോക്കിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ നഗരസഭയുടെയോ സമഗ്ര വികസന പദ്ധതി തയ്യാറാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ഇ) ഇപ്രകാരം ഒരു സമഗ്ര വികസന പദ്ധതി തയ്യാറാക്കാൻ സാധിക്കാത്ത പക്ഷം അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിവിധ രംഗങ്ങളിൽ വിവിധയിനം പരിശീലനം നൽകുവാൻ കഴിഞ്ഞു. കിലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് വലിയൊരളവുവരെ സഹായകമായി.

(ബി) ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നൽകിയ പരിശീലനത്തിന്റെ ഫലമായി കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഒരളവുവരെ ഉപകരിച്ചു. കിലയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി.

(സി) വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി നടന്ന പരിശീലന പരിപാടികൾക്കാണ് കാപ്പ്ഡെക് പദ്ധതി മുൻതൂക്കം നൽകിയെന്നതിനാൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതി രൂപീകരണത്തിന് പ്രവർത്തനങ്ങൾ സഹായിച്ചിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക തദ്ദേശഭരണ സ്ഥാപനത്തിനെ കേന്ദ്രീകരിച്ച് സമഗ്ര വികസന പദ്ധതി രൂപീകരിക്കലായിരുന്നില്ല കാപ്പ്ഡെക് പദ്ധതിയുടെ ലക്ഷ്യം.

(ഡി&ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly